**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3955** **17-03-2025 - ൽ മറുപടിയ്ക്ക്**

**2023-24 സാമ്പത്തിക വർഷത്തിൽ ആശാവർക്കർമാരുടെ കേന്ദ്ര വിഹിതം നഷ്ടപ്പെടാനുള്ള കാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2023-24 സാമ്പത്തിക വർഷത്തിൽ ആശാവർക്കർമാരുടെ ഓണറേറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി കേന്ദ്രസർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ; | (എ) | ആശമാർക്ക് ഓണറേറിയം അനുവദിക്കുന്നത് സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽ നിന്നാണ്. കേന്ദ്ര - സർക്കാർ ദേശീയ ഗ്രാമീണ ആരോഗ്യ മിഷനിലൂടെ അനുവദിക്കുന്നത് ആശമാരുടെ ഇൻസെന്റീവാണ്. അതിനായി 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ അംഗീകരിച്ചത് 112.73 കോടി രൂപയാണ്. എന്നാൽ ക്യാഷ് ഗ്രാന്റ് ഒന്നും തന്നെ ആ സാമ്പത്തിക വർഷത്തിൽ കേന്ദ്രം അനുവദിച്ചിട്ടില്ല. 636.88 കോടി രൂപയാണ് കേന്ദ്ര വിഹിതത്തിൽ നാഷണൽ ഹെൽത്ത് മിഷന് ആ സാമ്പത്തിക വർഷത്തിൽ കുടിശ്ശികയായത്.<br><br>(278.27 കോടി രൂപ ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് ഇനത്തിലും, 358.61 കോടി രൂപ ദേശീയ ആരോഗ്യ മിഷന്റെ പദ്ധതികൾക്കുള്ള ക്യാഷ് ഗ്രാന്റ് ഇനത്തിലും ) |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ഇനി എത്ര തുക ലഭിക്കാനുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് തുക ലഭിക്കാനുള്ളതെന്നും അറിയിക്കുമോ; പ്രസ്തുത തുക കുടിശ്ശിക ആകാനുള്ള കാരണം എന്തായിരുന്നു എന്നറിയിക്കുമോ; ഈ തുക ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്ന് 636.88 കോടി രൂപയാണ് കേന്ദ്ര വിഹിതത്തിൽ ലഭിക്കാനുള്ളത്.<br><br>ദേശീയ ആരോഗ്യ ദൗത്യത്തിന്റെ പദ്ധതികൾക്കുള്ള ക്യാഷ് ഗ്രാന്റ് ഇനത്തിൽ 358.61 കോടി രൂപ ആ വർഷം ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭിക്കാൻ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ എല്ലാം തന്നെ സംസ്ഥാനം പാലിച്ചിരുന്നുവെങ്കിലും ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളുടെ ബ്രാൻഡിംഗ് കൂടി വേണമമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചു. ഇതുമായി ബന്ധപ്പെട്ട് കോ -ബ്രാൻഡിംഗ് പൂർത്തിയാക്കിയതായും ദേശീയ ആരോഗ്യ മിഷൻ പദ്ധതിയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതിനുള്ള മറ്റു മാനദണ്ഡങ്ങൾ പൂർത്തീകരിച്ചതായും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ |

| | | | |
|---|---|---|---|
| | | | അറിയിച്ചിരുന്നു. അതിനെ തുടർന്ന് ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളുടെ പേര് ‘‘ആയുഷ്മാൻ ആരോഗ്യ മന്ദിർ'' എന്ന് പുനർനാമകരണം ചെയ്യണമെന്നും പുതിയ ബ്രാൻഡിംഗ് ഡിസംബർ 31 നകം പൂർത്തീകരിക്കണമെന്നും കേന്ദ്രം ആവശ്യപ്പെട്ടു. കോ ബ്രാൻഡിംഗ് സാദ്ധ്യമാക്കി കേന്ദ്രം നിഷ്കർഷിച്ച എല്ലാ നിബന്ധനകളും പൂർത്തീകരിക്കുമെന്ന് സംസ്ഥാനം ഉത്തരവ് പുറപ്പെടുവിച്ചിട്ടും 2023-24 ലെ ക്യാഷ് ഗ്രാന്റ് സംസ്ഥാനത്തിന് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ